# കേരള സർവകലാശാല

നം.പി.ആർ.224/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അഡ്മിഷൻ മെമ്മോ

സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും വിവിധ പഠനവകുപ്പുകളിലേയ്ക്കും കാര്യവട്ടം ലക്ഷ്മീഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കുമുള്ള (2018–2019) എം.ഫിൽ പ്രോഗ്രാമുകളിലേക്ക് അഡ്മിഷന് തെരഞ്ഞെടുക്കപ്പെട്ടതായി എസ്.എം.എസ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള അഡ്മിഷൻ മെമ്മോ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അർഹരായ വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിദ്യാർത്ഥികൾ മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസവും സമയവും മറ്റു നിർദ്ദേശങ്ങളും പാലിച്ച് അതാത് ഡിപ്പാർട്ട്മെന്റിൽ ഹാജരാകേണ്ടതാണ്.

### ടൈംടേബിൾ

ഒക്ടോബർ 26 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി. എഡ്. ഡിഗ്രി പരീക്ഷയുടെ (2015 സ്കീം–റഗുലർ/സപ്ലിമെന്ററി) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ പരീക്ഷ

കരിയർ റിലേറ്റഡ് ബി.സി.എ. (സി.ബി.സി.എസ്.എസ്) ഡിഗ്രി കോഴ്സിന്റെ ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ പരീക്ഷയുടെ പ്രായോഗിക പരീക്ഷ ഒക്ടോബർ 29 നും ആഗസ്റ്റ്/ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ പരീക്ഷയുടെ പ്രായോഗിക പരീക്ഷ നവംബർ 21 നും അതാതു കോളേജുകളിൽ തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സീറ്റൊഴിവ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ എം. എ. ഇംഗ്ലീഷ് കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 15 ന് 10 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വച്ച് നടത്തും. അർഹരായവർ വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൃത്യസമയത്ത് ഹാജരാകണം.

### ആരോഗ്യ ഇൻഷ്വറൻസ്

ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി സർക്കാർ ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് (MEDISEP) പദ്ധതി നടപ്പാക്കുന്നതിന്റെ വിവര ശേഖരണത്തിനുള്ള സമയ പരിധി ദീർഘിപ്പിച്ചിരിക്കുന്നു. ഇതുവരെ വിവരങ്ങൾ അപ്ലോഡ് ചെയ്യാത്ത സർവകലാശാല പെൻഷൻകാർ ഇതിനായി Kufinance.info എന്ന സൈറ്റിൽ Pension spot ൽ നൽകിയിട്ടുള്ള പ്രൊഫോർമയിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യാവുന്നതും

പ്രൊഫോർമയുടെ പ്രിന്റൗട്ട്, പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 17 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അസിസ്റ്റന്റ് രജിസ്ട്രാർ (അക്കൗണ്ട്സ്/പെൻഷൻ) ന് സമർപ്പിക്കേണ്ടതുമാണ്.

## ദേശീയ സെമിനാർ

രസതന്ത്ര വിഭാഗത്തിൽ ഒക്ടോബർ 11, 12 തീയതികളിൽ 'രസതന്ത്രത്തിലെ നൂതന വികാസങ്ങൾ' എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടത്തുന്നു.

തിരുവനന്തപുരം.
11.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**